"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - കൊല്ലം വേലായുധവിലാസം വിഎച്ച്എസ്എസ് പ്രിൻസിപ്പാൾ ശ്രീ.പത്മകുമാർ എസ്, കൊല്ലം ശ്രീനാരായണഗുരു ദേവ വിഎച്ച്എസ്എസ് പ്രിൻസിപ്പാൾ ശ്രീമതി സിന്ധു ഭാസ്കർ എന്നിവർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.6221/2022-ന്മേലുള്ള 18.01.2024-ലെ വിധിന്യായം, ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽമാരായ ശ്രീ. യാസർ എം., ശ്രീ ജിനേഷ് എ., ശ്രീ. ദിനേശൻ ഇ.ടി., ശ്രീ.ഭാസ്കരൻ എൻ. തുടങ്ങിയവർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM)No.1735/2022-ന്മേലുള്ള 04.04.2024-ലെ വിധിന്യായം എന്നിവ നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.8831/2024/GEDN തീയതി,തിരുവനന്തപുരം, 17-12-2024**

---

പരാമർശം:-

1. WP(C)No.6221/2022-ന്മേൽ 18.01.2024 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
2. OA(EKM)No.1735/2022-ന്മേൽ 04.04.2024 തീയതിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിഭാഗം) 03.05.2024-ലെ ഇ.3/3310/2021 നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം വേലായുധവിലാസം വിഎച്ച്എസ്എസ് പ്രിൻസിപ്പാൾ ശ്രീ. പത്മകുമാർ എസ്., കൊല്ലം ശ്രീനാരായണഗുരുദേവ വിഎച്ച്എസ്എസ് പ്രിൻസിപ്പാൾ ശ്രീമതി സിന്ധു ഭാസ്കർ എന്നിവർ ഫയൽ ചെയ്ത WP(C)No.6221/2022-ന്മേൽ ബഹു. ഹൈക്കോടതി 18.01.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരെയും മറ്റു

ബന്ധപ്പെട്ടവരെയും കേൾക്കുന്നതിനും, നിഹാൽ സിംഗ് ജഗ്ജിത് സിംഗ് കേസിൽ പരാമർശിച്ചിട്ടുള്ള principles of law അടിസ്ഥാനപ്പെടുത്തി തീരുമാനം കൈക്കൊള്ളുന്നതിനും നിർദ്ദേശിച്ചു. ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽമാരായ ശ്രീ. യാസർ എം., ശ്രീ. ജിനേഷ് എ., ശ്രീ. ദിനേശൻ ഇ.ടി., ശ്രീ.ഭാസ്കരൻ എൻ. തുടങ്ങിയവർ ഫയൽ ചെയ്ത OA(EKM)No.1735/2022-ന്മേലുള്ള 04.04.2024 തീയതി വിധിന്യായത്തിൽ, G.O.(Rt)No.5138/2022/GEDN dated 25.08.2022 (Annexure A18) set aside ചെയ്യുകയും aided സ്കൂൾ അധ്യാപകരോടൊപ്പം ഈ അധ്യാപകരെയും കേൾക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 07.05.2024 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരായ ശ്രീ. പത്മകുമാർ എസ്, ശ്രീ.യാസർ എം, ശ്രീ.ജിനേഷ് എ, ശ്രീ.ദിനേശൻ ഇ.ടി., ശ്രീ.ഭാസ്കരൻ എൻ. ശ്രീമതി സിന്ധു ഭാസ്കർ എന്നിവരുടെ അപേക്ഷ ഇപ്രകാരമാണ് :**

OA(EKM) 1735/2022 എന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ കേസിലെയും WP(C)No.6221/2022 എന്ന കേരള ഹൈക്കോടതി കേസിലെയും ഹർജിക്കാരാണ് ഞങ്ങൾ. ഞങ്ങൾ ഗവൺമെൻറ് / എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരാണ്. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാർക്ക് കേവലം 1380 രൂപയാണ് അലവൻസായി നൽകുന്നത്. അതേ സമയം ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽമാർക്ക് സ്ഥിരനിയമനം, ഹയർ സ്കെയിൽ ഓഫ് പേ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നൽകുന്നു. ഹൈസ്കൂൾ - ഹയർ സെക്കൻഡറി - വൊക്കേഷണൽ ഹയർ സെക്കൻഡറി ഏകീകരണവുമായി ബന്ധപ്പെട്ടിറക്കുന്ന ഉത്തരവുകളിലും വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. ഇതിനെല്ലാം പരിഹാരം കണ്ട് വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ പ്രിൻസിപ്പൽമാർക്ക് സ്ഥിരനിയമനവും ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി, ഞങ്ങൾക്ക് അർഹിക്കുന്ന പ്രാതിനിധ്യം എല്ലാ മേഖലകളിലും ലഭിക്കുന്നതിനാണ് 24/9/2021 തിയ്യതിയായുള്ള നിവേദനം നൽകിയത്. ഈ നിവേദനം പരിഗണിച്ച് തീരുമാനം എടുക്കാനാണ് 8/10/2021-ലെ OA(EKM)No.1613/2021-ലെ വിധിന്യായത്തിൽ ബഹു. കേരള ഹൈക്കോടതി

ഉത്തരവിട്ടിരുന്നത്. OA(EKM) 1613/2021 കേസിലെ വിധിക്ക് ശേഷം G.O. ഇറക്കിയിരുന്നു എങ്കിലും OA(EKM) 1725/2022 കേസിലെ അന്തിമ വിധിയിൽ അത് റദ്ദാക്കപ്പെട്ടു.

<u>OA(EKM) 1735/2022 വിധിയുടെ പ്രസക്ത ഭാഗങ്ങൾ</u>:

OA(EKM) 1735/2022 തീർപ്പാക്കിയത് കേരള ഹൈക്കോടതിയുടെ WPC 6221/2022-ന്റെ വിധി പരിശോധിച്ച ശേഷമാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിയിൽ 2nd paragraph-ൽ താഴെ പറയും പ്രകാരം observe ചെയ്യുന്നു.

2. “The applicants had already approached the Government requesting for sanctioning the post of Principal in the Vocational Higher Secondary School. But the said representation was rejected as per Annexure A18 order, under the guise of the introduction of NSQF. The aided school teachers had also raised similar complaint and the Hon'ble High Court in Annexure A26 judgment dated 18.1.2024 in WP(C).No.6221/2022 found that appropriate measures have to be taken in order to address the problems pointed out by the petitioners therein and the entire issue requires re-consideration at the hands of the Government. In the light of the principles laid down in the judgment in Nihal Singh and others vs. State of Punjab and others (2013 (14) SCC 65) and State of Punjab and others vs. Jagjit Singh and others (2017 (1) SCC 148). The order passed by the Government was quashed directing re-consideration. Government was also directed to consider the enhancement of the emoluments payable to those who were working as Principals. It was made clear that the petitioners therein shall not be compelled to take up the post of Principal in charge, nor shall the authorities take disciplinary action against any teachers who are not willing to take up the responsibilities”.

WPC 6221/2022-ന്റെ വിധിയിലുള്ള directions Govt. Vocational Higher Secondary School-ന്റെ കേസിലും ബാധകമാണ് .

കേരള ഹൈക്കോടതി വിധിയുടെ പ്രസക്ത ഭാഗങ്ങൾ:

11….“Fact remains that Director of Vocational Higher Secondary School had pointed out in 2011 the need for creating the post of Principal and that the workload of the Principal of the Vocational Higher Secondary Section is almost the same as that of the Higher Secondary Section with a very meagre pay, vitally affecting the vocational education sector in the state”.

ഹൈക്കോടതി വിധിയിൽ പരാമർശിക്കപ്പെട്ട Director of Vocational Higher Secondary School അയച്ച കത്തിൽ നിന്നും Vocational Higher Secondary School-കളിൽ Principal post ഒഴിവാക്കാനാകാത്തതാണെന്ന് മനസിലാക്കാം.

Ext.P19 did not address all the issues raised by the petitioners in the correct perspective. Though the Government contends that the integration is underway, till it materialises, appropriate measures will have to be taken to address the problems pointed out by the petitioners. The entire issue requires reconsideration at the hands of the Government. The Government has to remind itself that it is a model employer in a welfare state and that all its actions should be informed by fairness. It should almost follow the principles of law stated in Nihal Singh and Jagjit Singh's case.

മേൽ പരാമർശിച്ച വിധിയുടെ പ്രസക്ത ഭാഗത്തിൽ നിന്നും Integration നടപടികൾ പൂർത്തിയാകുന്നതുവരെ ഞങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ consider ചെയ്യാതിരിക്കാൻ സാധ്യമല്ല എന്ന് വ്യക്തമാണ്. അതിനാൽ ഞങ്ങളുടെ ആവശ്യങ്ങൾ അനുവദിക്കുന്നതിന് തടയിടാൻ integration നടപടികളും ഒരു കാരണം അല്ല എന്ന സാധ്യതയും വ്യക്തമാണ്. Govt. ഒരു Model Employer ആയി പ്രവർത്തിക്കേണ്ടതിന്റെ പ്രസക്തിയും ഇതിൽ വ്യക്തമാകുന്നു.

വിധിയിൽ Paragraph 11,14 തുടങ്ങിയവയും ഒരു അദ്ധ്യാപിക/അധ്യാപകനെയും Principal-in-charge ആയി ചുമതലയെടുക്കാൻ നിർബന്ധിക്കരുത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ Principal post create ചെയ്യപ്പെടാതിരിക്കുകയും Higher Secondary-യിലെ Principal-നു ലഭിക്കുന്ന ശമ്പളവും മറ്റു ആനുകൂല്യങ്ങളും Vocational Higher Secondary School-ലെ principal-ന് ലഭ്യമല്ലായെങ്കിൽ Principal charge ഏറ്റെടുക്കാൻ ആരും തയാറാകാത്ത പ്രതിസന്ധിയും വന്നു ചേർന്നേക്കാം.

ഇതുവരെ Principal post-ൽ work ചെയ്തതിന്റെ emoluments enhance ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുവാനും ബഹു. കേരള ഹൈക്കോടതി ഉത്തരവ് ചെയ്തിട്ടുണ്ട്.

Nihal Singh and Others v. State of Punjab and Others [(2013) 14 SCC 65] and State of Punjab and others v. Jagjit Singh and others [(2017) 1 SCC 148] എന്നീ വിധികൾ കൂടെ പരിശോധിച്ചാകണം തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതെന്നും ബഹു. ഹൈക്കോടതി പ്രത്യേകമായി ഉത്തരവിൽ പറയുന്നു. ദശാബ്ദങ്ങളായി തുടരുന്ന Principal-in-charge എന്ന arrangement ഒരു സ്ഥിര principal post create ചെയ്തതിന്റെ ആവശ്യകത അടിവരയിടുന്നു. അതിനാൽ ഒരു സ്ഥിര principal തസ്തിക സൃഷ്ടിക്കാത്തത് Nihal Singh വിധിയുടെ ലംഘനവും തൊഴിൽ ചൂഷണവുമാണ്. Jagjit Singh കേസിൽ താൽക്കാലിക നിയമനങ്ങൾക്കുപോലും തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം ബാധകമാണെന്ന് പറയുന്നു. മേൽ കാരണങ്ങളാൽ ഞങ്ങളുടെ ആവശ്യങ്ങൾ അനുവദിച്ചു കിട്ടാൻ ഞങ്ങൾക്ക് അർഹതയുണ്ടെന്ന് ബോധിപ്പിക്കുന്നു.

ഞങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്

i. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ സ്ഥിരതസ്തിക സൃഷ്ടിച്ച് നിലവിലുള്ള ഞങ്ങളെപോലെയുള്ള പ്രിൻസിപ്പൽമാരെ, അവരുടെ പ്രിൻസിപ്പലായുള്ള ആദ്യ നിയമനത്തീയതി മുതൽ സ്ഥിരപ്പെടുത്തുക.

ii. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂളുകളിലെ പ്രിൻസിപ്പൽമാർക്ക്, ഹയർ സെക്കൻഡറിയിലെ പ്രിൻസിപ്പൽമാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും, (regular scale of pay, and all other service benefits) നൽകുക.

Iii. തുല്യജോലിക്ക് തുല്യവേതനം എന്നത് അംഗീകരിച്ച് വേതനം നൽകുക.

iv. G.O.(Ms)No.53/2019/G.Edn dated 31.05.2019-ഉം G.O.(Ms)No.127/2021/G.Edn dated 26.02.2021-ഉം മറ്റനുബന്ധ ഉത്തരവുകളിലും ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് നൽകുന്ന ആനുകൂല്യം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകർക്കും നൽകുന്ന രീതിയിൽ modify /clarify ചെയ്യുക.

v. മേല്പറഞ്ഞവയ്ക്ക് അനുയോജ്യമായ രീതിയിൽ special rules ഭേദഗതികൾ വരുത്തുക.

Submissions:

I. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ സ്ഥിരതസ്തിക സൃഷ്ടിക്കലും സ്ഥിരനിയമനവും.

1. സ്ഥിരനിയമനം സ്പെഷ്യൽ റൂൾസിനെതിരല്ല.

1.1 കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവീസ് ചട്ടങ്ങൾ 2004-ൽ നിലവിൽ വന്നു. പക്ഷെ ഇവയിലൊന്നും വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പലിനെക്കുറിച്ച് പറയുന്നില്ല. സ്പെഷ്യൽ റൂൾസിൽ ഇതിനെകുറിച്ച് ശബ്ദിക്കാത്തതിനാൽ അങ്ങയ്ക്ക് പ്രിൻസിപ്പൽ സ്ഥിരനിയമനത്തെക്കുറിച്ച് തീരുമാനം എടുക്കാനുള്ള പൂർണ്ണ അവകാശം ഉണ്ട്. അങ്ങനെ തീരുമാനം എടുത്താൽ അത് സ്പെഷ്യൽ റൂൾ ലംഘനം ആകില്ല. ഇത്തരം pronouncement നടത്തിയ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധികളാണ് ചുവടെ:

i. Ramesh Prasad Singh vs State Of Bihar 1978 AIR SC 327, 1978 SCR (1) 787-പ്രസക്ത ഭാഗങ്ങൾ (document no. 3), Supreme Court held that, "in the absence of rules, qualifications for a post can validly be laid down in the self same executive order creating the service or post and filling it up according to those qualifications."

ii. In Karnati Ravi and another Vs. Commissioner, Survey Settlements and Land Records and others, (2018) 12 SCC 635,(document no. 4) Supreme Court of India held that,

"6. As we have already noted above, in the absence of the Rules, it is

well within the powers of the Executive under Article 162 of the Constitution to provide for the required instructions with regard to the procedure for selection, so long as they do not come in conflict with the Rules."

അതിനാൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരുടെ സ്ഥിരനിയമനം സ്പെഷ്യൽ റൂൾസിന്റെ ലംഘനം ആകില്ല. മറിച്ച് സ്പെഷ്യൽ റൂൾസിന്റെ നിശബ്ദത അങ്ങയ്ക്ക് സ്ഥിരനിയമനം നൽകാനുള്ള executive or administrative order പുറപ്പെടുവിക്കാനുള്ള അധികാരം നൽകുന്നു.

2. <u>സ്ഥിരനിയമന നിഷേധം മൗലികാവകാശ ലംഘനം</u>.

കേരളത്തിൽ മൊത്തത്തിൽ 389 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുണ്ട്. ഇവയിലെല്ലാം പ്രിൻസിപ്പൽമാരായി പ്രവർത്തിക്കുന്നത് ഞങ്ങളെ പോലുള്ളവരാണ്. ഞങ്ങളെ കൊണ്ട് പ്രിൻസിപ്പൽമാരുടെ ജോലി എടുപ്പിക്കുകയും അതിനനുസരിച്ച് ശമ്പളമോ മാറ്റാനുകൂല്യങ്ങളോ നൽകാത്തത് exploitation-ഉം, unfair labour പ്രാക്ടീസും ആണ്. ഇത് Art 14, 15 and 21 പ്രകാരം ഉറപ്പ് വരുത്തേണ്ട മൗലികാവകാശ ലംഘനമാണ്.

## 2.1 <u>Model Employer</u>

ആദ്യകാലങ്ങളിൽ Headmaster / Headmistress (ഹൈസ്കൂൾ)-മാരാണ് Vocational Higher Secondary School പ്രിൻസിപ്പൽ ചുമതല കൈകാര്യം ചെയ്തിരുന്നത്. G.O.(Ms)No.18/2012/G.Edn dated 19.01.2012 മുതലാണ് ആ arrangement മാറ്റുന്നത്. 9 വർഷത്തോളമായിട്ടും, അർഹിക്കുന്ന വേതനമോ, മറ്റാനുകൂല്യങ്ങളോ നൽകാതെ ഇത്തരത്തിൽ, ഞങ്ങളെ പോലെ ഉള്ളവരെ പ്രിൻസിപ്പൽ ഉത്തരവാദിത്തങ്ങൾ നിർവഹിപ്പിക്കുന്നത് "Model Employer" ആകേണ്ട സർക്കാരിന് ചേരുന്ന നടപടി അല്ല (Secretary State of karnataka. v. Umadevi (2006) 4 SCC1).

## 2.2 <u>Workload</u>

ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർ ചെയ്യുന്ന എല്ലാവിധ ഉത്തരവാദിത്തങ്ങളും വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരും നിർവഹിക്കുന്നു. ഇത് കൂടാതെ

വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് അഡിഷണൽ ഉത്തരവാദിത്തങ്ങളും ഉണ്ട്. ഈ വർഷത്തെ ടീച്ചിങ് ടൈംടേബിൾ താരതമ്യം ചെയ്താൽ തന്നെ വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരുടെ വർക്ക് ലോഡ് ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരേക്കാൾ എത്ര കൂടുതലെന്ന് മനസിലാവും.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്‌കൂളിലെ പ്രിൻസിപ്പൽമാർക്ക് താഴെ പറയുന്ന അഡിഷണൽ ഡ്യൂട്ടികൾ കൂടെ ഉണ്ട്.

i. Responsibilities and duties in connection with Vocational Skill Evaluation (NSQF) conducted by central government agencies for 2nd year students and conducting of Vocational Skill Evaluation for 1 st year students.

ii. Posting and supervision of students for ‘On the job Training’ in real work situations outside the school. (12 days each for both first and second year students)

iii. Effective running of Production-Cum- Training Centers for enhancing both vocational skills and soft skills of students.

iv. Conducting of annual Vocational Expo of school, region and state level.

v. Conducting a career fest when needed.

vi. Vocational Higher Secondary has 6 working days a week for students. But for higher secondary working days for students are only 5 days a week.

vi. Doing career guidance and counselling and NSS, NCC, Tourism Club, Eco Club, ED Club etc. related works.

vii. Conducting and monitoring expert interaction classes and field visits

for NSQF students.

viii. Evaluation of Skill/Practical tests in other schools. Etc.

ഇത്രയധികം ഉത്തരവാദിത്തങ്ങൾ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരേക്കാൾ കൂടുതൽ നിർവഹിച്ചിട്ടും അവർക്കു നൽകുന്ന benefits പോലും നൽകാത്തത് discrimination ആണ്. ഇതുകൂടാതെ teaching hours-ഉം വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് കൂടുതലാണ്.

3. <u>വൊക്കേഷണൽ വിദ്യാഭ്യാസത്തിന്റെ കൂടിവരുന്ന പ്രസക്തിയും അനുബന്ധ പോളിസിയും</u>.

National Vocational Education Qualification Framework (NVEQF) പ്രകാരം നിർബന്ധമായും ഓരോ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും റെഗുലർ പ്രിൻസിപ്പൽ തസ്തികകൾ ആവശ്യമാണ്. NVEQF-ൽ താഴെപറയും പ്രകാരം പറയുന്നു.

" NVEQF is a descriptive framework that organizes qualifications according to a series of levels of knowledge along with skills. These levels are defined in terms of learning outcomes i.e., the competencies which the learners must possess regardless of whether they were acquired through formal, non-formal or informal education and training. Qualifications are made up of occupational standards for specific areas of learning units. This would provide the stakeholders such as the learners, education and skill training providers and employers to gain information about the broad equivalence of qualifications across specific skill sectors. It is, therefore, a nationally integrated education and competency based skill framework that will provide for multiple pathways both within vocational education and between general and vocational education to link one level of learning to another higher level and enable learners to progress to higher levels from any starting point in the education and/or skill system. The key elements of the NVEQF are to provide (a) national principles for providing Vocational Education (VE) leading to

international equivalency, (b) multiple entry and exit between VE, general education and job markets, (c) progression within VE, (d) transfer between VE and general education, and (e) partnership with industry/employers….."

paragraph 2 ( v)

" The competency based curriculum package would consist of syllabus, student manual, trainers guide, training manual, teacher qualifications and multimedia packages and e-material. These could be developed for various NVEQ levels by agencies such as National Institute of Technical Teachers Training and Research (NITTTRs), Pandit Sunderlal Sharma Central Institute of Vocational Education (PSSCIVE), Central Board for Secondary Education (CBSE), State School Boards, State Technical Boards, All India Council for Technical Education (AICTE) and University Grants Commission (UGC) together with the industry through SSCs and employers. NVEQF curricula would be modular allowing for step ups in skill accumulation and facilitating exit and entry. Curricula design would also be aligned to a credit framework so that skill accumulation corresponds to credits earned and competencies achieved."

NVEQF പിന്നീട് revise ചെയ്യപ്പോഴും Paragraph 2.9.1 പ്രകാരം സ്ഥിരം പ്രിൻസിപ്പൽ തസ്തിക വേണം എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

"2.9.1 The services of Vocational Coordinator/Principal would be on a regular basis. In addition to the administrative responsibilities, the Vocational Coordinator will also partly contribute to teach/ train the students. ….."

പാരഗ്രാഫ് 3.2.1 (I) and (II)-ൽ പുതിയതും പഴയതുമായ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രിൻസിപ്പൽ വേണം എന്ന് പറയുന്നു. ഇപ്പോൾ ഒരു uniform

framework-ന് വേണ്ടി National Skill Qualification Framework (NSQF) ആണ് നിലവിൽ ഉള്ളത്. NSQF കേരളത്തിൽ കർശനമായി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ് ഇപ്പോൾ. വൊക്കേഷണൽ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുമ്പോഴും അതിനുവേണ്ടി പ്രവർത്തിക്കുന്ന ഞങ്ങളെപ്പോലെ ഉള്ളവരെ തഴയുന്നത് നീതിനിഷേധം ആണ്. NVEQF മാറി NSQF വന്നെങ്കിലും സ്ഥിരമായി പ്രിൻസിപ്പൽ തസ്തിക രൂപീകരിക്കേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനുണ്ട്.

4 . സ്ഥിരതസ്തിക രൂപീകരിക്കേണമെന്ന് 2011-ൽ തന്നെ Director of Vocational Higher Secondary Education ആവശ്യപ്പെട്ടിരുന്നു. No. C2/16822/2007 dated 03.06.2011 പ്രകാരം Director of Vocational Higher Secondary Education അന്നത്തെ Principal Secretary to Government General Education (SC) Department-ന് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിരുന്നു.

03.06.2011-ലെ communication-ൽ താഴെപ്പറയുന്ന കാര്യങ്ങൾ പറയുന്നു

i. “According to the Constitution of India, Vocational Education at the Higher Secondary level is the responsibility of the Department of MHRD and State Governments.”

ii. Staff pattern of VHS School having two vocational schools include 1 principal.

iii. There are 389 V.H.S Schools with 1100 batches in the State. Total yearly intake capacity is 27500 catering to.

iv. 74 percentage of SSLC pass out.

v. There are no sanctioned post of Principal in both aided and Govt Sectors of Vocational Higher Secondary Schools.

vi. Lists 13 additional duties of VHSE Principals in details.

vii. Lists out defects of then system.

viii. "The absence of permanent Principals in VHS Schools have seriously affected the very aim of vocationalisation of education in our state and also creating several administrative and other problems.

ix. The then present system has also created administrative problems in the Aided Sector also.

ഇതിൽ നിന്ന് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥിര പ്രിൻസിപ്പൽ തസ്തിക അത്യാവശ്യമാണെന്ന് 2011-ൽ തന്നെ Director of Vocational Higher Secondary Education വ്യക്തമാക്കിയതായി കാണാം. അതിനാലാണ് permanent തസ്തികകൾ സൃഷ്ടിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടത്. ഇപ്പോൾ വൊക്കേഷണൽ തസ്തികയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന സമയമായിട്ടുകൂടി 2011-ൽ ഉയർത്തിയ ആവശ്യം ഇതുവരെ അംഗീകരിക്കാത്തത് വൊക്കേഷണൽ മേഖലയ്ക്കും ഞങ്ങളെപ്പോലെ ആത്മാർത്ഥമായി പ്രയത്നിക്കുന്നവർക്കും അർഹിക്കാത്ത പ്രയാസങ്ങൾ ഉണ്ടാക്കുന്നു. 2011-ലെങ്കിലും നടപ്പിലാക്കേണ്ടിയിരുന്നത് ഒരു ദശാബ്ദത്തിനു ശേഷവും നടപ്പിലാക്കിയില്ല എന്നത് നീതിനിഷേധം ആണ്.

5. <u>Senior അദ്ധ്യാപകന് ഭരണച്ചുമതല നൽകിയത് താർക്കാലിക തീരുമാനം</u>-മേൽ വിവരിച്ച 03.06.2011-ലെ കത്തിനു ശേഷമാണ് G.O.(Ms)No.18/2012/Gen.Edn 19.01.2012 പ്രകാരം Vocational Higher Secondary സീനിയർ അദ്ധ്യാപകനെ Administrative ആയി നിയമിക്കുവാനുള്ള ഉത്തരവിട്ടുന്നത്. അത്തരമൊരു തീരുമാനത്തിന് കാരണമായി പറഞ്ഞത് "വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലേക്ക് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി അനിവാര്യമായതിനാൽ ഇത് കാലതാമസം വരുത്തുന്ന പ്രക്രിയയാണ്" എന്നതാണ്.

നേരത്തെ സൂചിപ്പിച്ച സുപ്രീംകോടതി വിധികൾ പ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതിയില്ലാതെയും പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കാമെന്ന് വ്യക്തമാണ്. 2012-നു ശേഷം ഏകദേശം 10 വർഷങ്ങൾ പിന്നിട്ടതിനാൽ "കാലതാമസം" ഇനിയും ഒരു valid or legal reason ആയി പറയാൻ സാധ്യമല്ല.

ഇക്കാരണം കൊണ്ടും regular പ്രിൻസിപ്പൽ തസ്തിക വൊക്കേഷണൽ ഹയർ സെക്കൻഡറി

സ്കൂളുകളിൽ സൃഷ്ടിക്കേണ്ടതാണ്.

6. <u>Khader Commission Report</u>

6.1 G.O.(Ms)No.19/2019/Gen.Edn dtd 28.02.2019 പ്രകാരം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതി സമർപ്പിച്ച 'മികവിനായുള്ള വിദ്യാഭ്യാസം - ഭാഗം 1 ' എന്ന റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകി.

6 . 2 പ്രസ്തുത റിപ്പോർട്ടിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പലിനും ഹയർ സെക്കൻഡറി പ്രിൻസിപ്പലിനും തുല്യസ്ഥാനമാണ് നൽകുന്നത്. പക്ഷെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്ക് മതിയായ ശമ്പളമോ, regular പോസ്റ്റുകളോ, ആനുകൂല്യങ്ങളോ നൽകാതെ 2-ാം തരമായി ആണ് ഇപ്പോഴും treat ചെയ്യുന്നത്.

6 . 3 ഇത് Khader Commission report-ന് എതിരാണ്. വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് സ്ഥിരതസ്തികയും ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ട്.

11. <u>തുല്യ ജോലിക്ക് തുല്യവേതനം</u>

ഖണ്ഡിക I(2.2)]-ൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരുടെ ജോലി ഭാരത്തെക്കുറിച്ച് വിവരിച്ചതാണ്. Director of Vocational Higher Secondary Education issue ചെയ്ത 2011-ലെ communication-ലും ജോലി ഭാരത്തെക്കുറിച്ച് വിശദമായി പറയുന്നുണ്ട്. ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരേക്കാൾ കൂടുതൽ ജോലി ചെയ്യുമ്പോഴും, വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് ലഭിക്കുന്നത് Rs.1380 (അലവൻസ്) ആണ്. എന്നാൽ ഒരു senior HSST (ഹയർ സെക്കൻഡറി)-യുടെ pay scale പ്രിൻസിപ്പൽ ആകുമ്പോൾ വളരെ വലിയ വ്യത്യാസം വരുന്നു.

| Designation | Revised Pay Scale |
|---|---|
| Senior HSST/ Vocational Non-Vocational Teacher | 55200-115300 |
| Principal Higher Secondary Schools | 63700-123700 |

| | |
|---|---|
| Principal Higher Secondary Schools. | 63700-123700 |
| Principal of Vocational Higher Secondary Schools. | Rs.1380 as allowance - No pay scales. |

ഇതിൽ നിന്ന് Settled principal ആയ “equal pay for equal work”-ന്റെ ലംഘനമാണ് Vocational Higher Secondary പ്രിൻസിപ്പൽമാരോട് ചെയ്യുന്നത് എന്ന് വ്യക്തമാകുന്നു.

2. നിരവധി സുപ്രീംകോടതി, കേരള ഹൈക്കോടതി വിധിന്യായത്തിൽ തുല്യജോലിക്ക് തുല്യവേതനം നിഷേധിക്കുന്നത് നീതിനിഷേധവും മൗലികാവകാശ ലംഘനം ആണെന്നും പറയുന്നുണ്ട്.

Daily Rated Casual Labour Employed under P&T Department through Bhartiya Dak Tar Mazdoor Manch v. Union of India and others 1988 (1) SCC 122, പ്രസക്ത ഭാഗങ്ങൾ document 11a) it was held-

*“India is a socialist republic. It implies the existence of certain important obligations which the State has to discharge. The right to work, the right to free choice of employment, the right to just and favourable conditions of work, the right to protection against unemployment, the right of every one who works to just and favourable remuneration ensuring a decent living for himself and for family, the right of every one without discrimination of any kind to equal pay for equal work, the right to rest, leisure, reasonable limitation on working hours and periodic holidays with pay, the right to form trade unions and the right to join trade unions of one’s choice and the right to security of work are some of the rights which have to be ensured by appropriate legislative and executive measures. It is true that all these rights cannot be extended simultaneously. But they do indicate the socialist goal. The degree of*

*achievement in this direction depends upon the economic resources, willingness of the people to produce and more than all the existence of industrial peace throughout the country. Of those rights the question of security of work is of utmost importance. If a person does not have the feeling that he belongs to an organization engaged in production he will not put forward his best effort to produce more. That sense of belonging arises only when he feels that he will not be turned out of employment the next day at the whim of the management. It is for this reason it is being repeatedly observed by those who are in charge of economic affairs of the countries in different parts of the world that as far as possible security of work should be assured to the employees so that they may contribute to the maximisation of production. It is again for this reason that managements and the Governmental agencies in particular should not allow workers to remain as casual labourers or temporary employees for an unreasonably long period of time. Where is any justification to keep persons as casual labourers for years as is being done in the Postal and Telegraphs Department? Is it for paying the lower wages? Then it amounts to exploitation of labour. Is it because you do not know that there is enough work for the workers? It cannot be so because there is so much of development to be carried out in the communications department that you need more workers. The employees belonging to skilled, semi skilled and unskilled classes can be shifted from one department to another even if there is no work to be done in a given place. Administrators should realise that if any workers remains idle on any day, the country loses the wealth that he would have produced during that day. Our wage structure is such that a worker is always paid less than what he produces. So why allow people to remain idle? Anyway they have got to be fed and clothed. Therefore, why don't we provide them with work? There are several types of work such as*

*road making, railway construction, house building, irrigation projects, communications etc which have to be undertaken on a large scale. Development in these types of activities (even though they do not involve much foreign exchange) is not keeping pace with the needs of society. We are saying all this only to make the people understand the need for better management of man power (which is a decaying asset) the non utilisation of which leads to the inevitable loss of valuable human resources. Let us remember the slogan: "Produce or Perish". It is not an empty slogan. We fail to produce more at our own peril. It is against this background that we say that non regularisation of temporary employees or casual labour for a long period is not a wise policy. We, therefore, direct the respondents to prepare a scheme on a rational basis for absorbing as far as possible the casual labourers who have been continuously working for more than one year in the Posts and Telegraphs Department".*

3 . സ്ഥിരനിയമനം അല്ല താൽക്കാലിക നിയമനം ആണെങ്കിലും തുല്യവേതനം ലഭിക്കുവാൻ വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് അവകാശം ഉണ്ട്. State of Punjab v. Jagjit Singh 2016 SCC OnLine SC 1200 ബഹു. സുപ്രീം കോടതി താഴെ പറയും പ്രകാരം ഉത്തരവിട്ടു.

"57. Having traversed the legal parameters with reference to the application of the principle of 'equal pay for equal work', in relation to temporary employees (daily-wage employees, ad-hoc appointees, employees appointed on casual basis, contractual employees and the like), the sole factor that requires our determination is, whether the concerned employees (before this Court), were rendering similar duties and responsibilities, as were being discharged by regular employees, holding the same/corresponding posts. This exercise would require the application of the parameters of the principle of equal pay for equal work' summarized by us in paragraph 42 above. However, insofar as the

instant aspect of the matter is concerned, it is not difficult for us to record the factual position. We say so, because it was fairly acknowledged by the learned counsel representing the State of Punjab, that all the temporary employees in the present bunch of appeals, were appointed against posts which were also available in the regular cadre/establishment. It was also accepted, that during the course of their employment, the concerned temporary employees were being randomly deputed to discharge duties and responsibilities, which at some point in time, were assigned to regular employees. Likewise, regular employees holding substantive posts, were also posted to discharge the same work, which was assigned to temporary employees, from time to time. There is, therefore, no room for any doubt, that the duties and responsibilities discharged by the temporary employees in the present set of appeals, were the same as were being discharged by regular employees. It is not the case of the appellants, that the respondent-employees did not possess the qualifications prescribed for appointment on regular basis. Furthermore, it is not the case of the State, that any of the temporary employees would not be entitled to pay parity, on any of the principles summarized by us in paragraph 42 herein above. There can be no doubt, that the principle of 'equal pay for equal work' would be applicable to all the concerned temporary employees, so as to vest in them the right to claim wages, at par with the minimum of the pay-scale of regularly engaged Government employees, holding the same post.

58. In view of the position expressed by us in the foregoing paragraph, we have no hesitation in holding, that all the concerned temporary employees, in the present bunch of cases, would be entitled to draw wages at the minimum of the pay-scale (- at the lowest grade, in the regular pay- scale), extended to regular employees, holding the same

post."

അതിനാൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരുടെ Scale of Pay-യും ആനുകൂല്യങ്ങളും നൽകണം. അത്തരം Scale of Pay-ക്കും ആനുകൂല്യങ്ങൾക്കും, താൽക്കാലിക Principal ആയി ഞങ്ങൾ ചുമതലയേറ്റതു മുതൽ ഞങ്ങൾക്ക് അർഹതയുണ്ട്. അന്നുമുതലുള്ള arrears of pay-യും മറ്റ് benefits-ഉം നൽകണം. പണപ്പെരുപ്പത്തിന്റെ സാഹചര്യത്തിൽ നിയമസഭാ സാമാജികരുടെ ശമ്പളംപോലും കൂട്ടുകയുണ്ടായി. എന്നിട്ടും ഞങ്ങൾക്ക് അർഹമായ സാലറി ഇതുവരെ നൽകിയിട്ടില്ല. ഇത് മൌലികാവകാശ ലംഘനമാണ്.

11. <u>അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.</u>

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥിര പ്രിൻസിപ്പൽ തസ്തിക നിയമിക്കുന്നത് വഴി സർക്കാരിന് വളരെയധികം സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നുള്ള വാദം ശരിയല്ല. ഹയർ സെക്കൻഡറി സ്കൂളുകളെ സംബന്ധിച്ചിടത്തോളം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ എണ്ണം വളരെ ചുരുങ്ങിയതാണ്. അതുകൂടാതെ പ്രിൻസിപ്പൽ തസ്തികയിൽ നിയമിതരാകുന്ന സീനിയർ ടിച്ചേഴ്സിന് പ്രിൻസിപ്പൽ പോസ്റ്റിൽ സ്കെയിൽ നൽകുന്നതുവഴി വളരെ നിസ്സാരമായ ഒരു വ്യത്യാസം മാത്രമേ വേതനത്തിൽ സർക്കാരിനെ സംബന്ധിച്ചിടത്തോളം വരുന്നുള്ളൂ. അതുകൂടാതെ ഗവൺമെൻറ് പലപ്പോഴായി പല തസ്തികകൾ സൃഷ്ടിക്കുകയും സമാനതസ്തികകൾക്ക് തുല്യമായ വേതനം നൽകുകയും ചെയ്തിട്ടുണ്ട്. G.O(Ms)No.133/2023(40)/FIN dated 08.09.2023 പ്രകാരം സർക്കാർ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂൾസിലെ ലബോറട്ടറി അസിസ്റ്റൻസിന് കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ pay parity നൽകിയിരുന്നു. ഇങ്ങനെ നിരവധി ഡിപ്പാർട്ട്മെന്റുകളിൽ പേ സ്കെയിലുകൾ കൂട്ടി നൽകുകയും pay parity നൽകുകയും പുതിയ തസ്തികകൾ ക്രിയേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

IV <u>സംയോജിത സംവിധാനവുമായി ബന്ധപ്പെട്ട ഉത്തരവുകൾ പരിഷ്കരിക്കണം.</u>

1 . <u>G.O.(Ms)No.53/2019/Gen.Edn dated 31.05.2019 modify/clarify ചെയ്യണം.</u>

മേൽ ഉത്തരവിന്റെ പാരഗ്രാഫ് 2(d) പ്രകാരം സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1

മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആയിരിക്കും. എന്നാൽ ഇത്തരം പൊതുചുമതലയും അക്കാദമിക ചുമതലയും ഹയർ സെക്കൻഡറി വിഭാഗത്തിലെ പ്രിൻസിപ്പലിനായിരിക്കും എന്നാണ് പറയുന്നത്.

1.2 വൊക്കേഷണൽ ഹയർ സെക്കൻഡറിയും ഹൈസ്കൂളും മാത്രമുള്ള സ്കൂളുകളിലും, ഹയർ സെക്കൻഡറിയും വൊക്കേഷണൽ ഹയർ സെക്കൻഡറിയും ഹൈസ്കൂളുകളുമുള്ള സ്കൂളുകളിലും 'പൊതുചുമതലയും'' വൊക്കേഷണൽ / ഹയർ സെക്കൻഡറി വിഭാഗങ്ങളുടെ അക്കാദമിക ചുമതലയും ആരിൽ നിക്ഷിപ്തമാക്കുമെന്ന് ഈ G.O.യിൽ വ്യക്തമാക്കുന്നില്ല.

1.3 വൊക്കേഷണൽ ഹയർ സെക്കൻഡറി + ഹൈസ്കൂൾ മാത്രമുള്ള സ്കൂളുകളിൽ സ്കൂളുകളുടെ പൊതുചുമതലയും വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ അക്കാദമിക ചുമതലയും വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് നൽകണം.

1.4 വൊക്കേഷണൽ ഹയർ സെക്കൻഡറി + ഹയർ സെക്കൻഡറി + ഹൈസ്കൂൾ ഉള്ള സ്കൂളുകളിൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ പ്രിൻസിപ്പൽ പദവിയിൽ സീനിയർ വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ അക്കാദമിക ചുമതല വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കു നൽകണം. അല്ലെങ്കിൽ അത് വൊക്കേഷണൽ ഹയർ സെക്കൻഡറിയോടും, വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരോടും ചെയ്യുന്ന വിവേചനം ആകും. അതിനാൽ മേൽ ഖണ്ഡിക 1.3-ലും 1.4-ലും ആവശ്യപ്പെട്ടതുപോലെ G.O.(Ms)No.53/2019/G.Edn dtd 31.05.2019 modify/clarify ചെയ്യണം.

2 . <u>G.O.(Ms)No.127/2021/G.Edn dated 26.02.2021 modify/clarify ചെയ്യണം</u>.

a . സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപനജോലി ആഴ്ചയിൽ എട്ട് പീരീഡായി കുറവ് ചെയ്തുകൊണ്ട് മേൽ G.O. വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ പ്രിൻസിപ്പൽമാർക്കും അർഹതപ്പെട്ടതാണ്.

b. മേൽ പാരഗ്രാഫുകൾ സൂചിപ്പിച്ചതുപോലെ, ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരെക്കാൾ ജോലിഭാരം കൂടുതൽ ആണ് വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക്. അതിനാൽ വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപകരും G.O.

(Ms)No.127/2021/G.Edn dtd 26.02.2021-ന്റെ അതേ ആനുകൂല്യങ്ങൾ അർഹിക്കുന്നു.

അതിനാൽ മേൽ G.O,യുടെ ആനുകൂല്യം വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് നൽകിക്കൊണ്ട് ഉത്തരവിറക്കുകയോ, ഖണ്ഡിക 2.2-ൽ ആവശ്യപ്പെട്ടതുപോലെ മേൽ G.O. modify/clarify ചെയ്യേണ്ടതാണ്.

ഖണ്ഡിക 1-ലെയും 2-ലെയും ആവശ്യങ്ങൾക്കനുസരിച്ച് Special Rules-ലും കേരള എഡ്യൂക്കേഷൻ റൂൾസിലും മതിയായ ഭേദഗതികൾ വരുത്തുക.

ഖാദർ കമ്മീഷൻ recommendation നടപ്പിലാക്കുന്ന ജോലികൾ നടക്കുന്ന ഈ സാഹചര്യത്തിൽ ഞങ്ങളുടെ ദുരവസ്ഥയും പരിഹരിക്കേണ്ടതാണ്.

## PRAYERS

മേൽ സബ്മിഷന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന Prayers അനുവദിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

1 . വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ സ്ഥിര പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച്, ഞങ്ങളുടെയും സമാന സാഹചര്യങ്ങളിലുള്ളവരുടെയും പ്രിൻസിപ്പലായുള്ള ആദ്യ നിയമന തീയതി മുതൽ എല്ലാ ആനുകൂല്യങ്ങളോടും (pay scale , other service benefits) മുൻകാല പ്രാബല്യത്തോടെ സ്ഥിര നിയമനം നടത്തുക.

2. വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ പ്രിൻസിപ്പൽമാർക്ക് ഹയർ സെക്കൻഡറിയിലെ പ്രിൻസിപ്പൽമാർക്ക് നൽകുന്ന Pay scale അടക്കമുള്ള എല്ലാ സർവീസ് ആനുകൂല്യങ്ങളും നൽകുക.

3. വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ പ്രിൻസിപ്പൽമാർക്ക് ഹയർ സെക്കൻഡറിയിലെ പ്രിൻസിപ്പൽമാർക്ക് നൽകുന്ന "equal pay" നൽകി നാമമാത്ര allowance നൽകുന്ന system ഒഴിവാക്കി "equal pay for equal work" എന്ന തത്വം മുൻകാല പ്രാബല്യത്തോടെ പ്രാവർത്തികമാക്കി പ്രിൻസിപ്പൽ ആയി ചുമതലയേറ്റതു മുതലുള്ള arrears of salary and benefits വിതരണം ചെയ്യുക.

4. വൊക്കേഷണൽ ഹയർ സെക്കൻഡറിയും ഹൈസ്കൂളും മാത്രമുള്ള സ്കൂളുകളുടെ പൊതുച്ചുമതലയും, വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ അക്കാദമിക ചുമതലയും വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കും - വൊക്കേഷണൽ ഹയർ സെക്കൻഡറി+ഹയർ സെക്കൻഡറി + ഹൈസ്കൂൾ ഉള്ള സ്കൂളുകളുടെ പൊതുച്ചുമതല 2 പ്രിൻസിപ്പൽമാരിൽ സർവീസ് സീനിയോറിറ്റി ഉള്ള ആൾക്കും വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ അക്കാദമിക ചുമതല വൊക്കേഷണൽ ഹയർ സെക്കൻഡറി പ്രിൻസിപ്പലിനും നൽകി ഉത്തരവിറക്കി G.O.(Ms)No.53/2019/G.Edn dtd 31.05.2019 modify/clarify ചെയ്ത് നിലവിൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് മാത്രം അവകാശങ്ങളും അധികാരങ്ങളും നൽകുന്ന ഭാഗം റദ്ദാക്കുക.

5 . G.O,(Ms)No.127/2021/G.Edn dtd 20.02.2021-ൽ ഹയർ സെക്കൻഡറി school പ്രിൻസിപ്പൽമാർക്ക് നൽകിയിട്ടുള്ള ആനുകൂല്യം, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും നൽകി മേൽ G.O.യിൽ ആനുകൂല്യം ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് മാത്രമായി നൽകിയത് റദ്ദാക്കി G.O. modify/clarify ചെയ്യുക.

6. Prayer no. 1 to 5 നടപ്പിലാക്കുന്നതിന് ആവശ്യമായ രീതിയിൽ Special Rules- ഉം മറ്റ് റൂളുകളും ഭേദഗതി ചെയ്യുക.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടർ (തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിഭാഗം) ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :**

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഗവ.ഹൈസ്കൂളിൽ 1983-84 അദ്ധ്യയന വർഷമാണ് വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം ആരംഭിച്ചത്. തുടർന്ന് 1992-93 അദ്ധ്യയനവർഷം മുതൽ എയ്ഡഡ് മേഖലയിലും വ്യാപിപ്പിച്ചു. ഹൈസ്കൂൾ വിഭാഗം Headmaster/Headmistress-നെ Principal എന്ന് പുന:നാമകരണം നടത്തി ഭരണനിർ വ്വഹണം നടത്തുകയും, ടി അധികജോലിക്ക് ഒരു സ്പെഷ്യൽ പേയും അനുവദിച്ചു നൽകിയിരുന്നു. ഒരു സ്കൂളിൽ തന്നെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ മൂന്നു ഭരണതലങ്ങൾ ഉണ്ടാവുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധീനതയിലാണ് Headmaster എന്നുള്ളതിനാലും, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർക്ക് ഇവരുടെ മേൽ നിയമപരമായ നിയന്ത്രണങ്ങളില്ലായെന്നതിനാലും, കൃത്യനിർവ്വഹണത്തിന്റെ വ്യാപ്തി മൂലം വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തെ

പൂർണ്ണമായി ശ്രദ്ധിക്കാൻ കഴിയാത്തതിനാലും, വകുപ്പിലെ ജീവനക്കാർക്ക് ഭരണച്ചുമതല നൽകണമെന്ന ആവശ്യം പല കോണുകളിൽ നിന്നും ഉന്നയിക്കുുകയുണ്ടായി.

സർക്കാർ മേഖലയിലെ സ്കൂളുകളിൽ യഥാക്രമം വൊക്കേഷണൽ, ഹയർ സെക്കൻഡറി സ്റ്റേറ്റ് സർവ്വീസ്, വൊക്കേഷണൽ ഹയർ സെക്കൻഡറി സബോർഡിനേറ്റ് സർവ്വീസ് എന്നിവയ്ക്കായി G.O.(P)No.80/2004/GEDN dtd 12.03.2004, G.O.(P)No.81/2004/GEDN dated 12.03.2004 എന്നിവ പ്രകാരം സ്പെഷ്യൽ റൂൾ നിലവിൽ വരികയും എയ്ഡഡ് മേഖലയിൽ സ്പെഷ്യൽ റൂൾ നിർമ്മിക്കുന്നത് കാലതാമസത്തിനിടയാക്കുമെന്നുള്ളതിനാലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സമയബന്ധിത നിർദ്ദേശം ഉണ്ടായിരുന്നതിനാലും സബ്ജക്ട് കമ്മിറ്റി, പി.എസ്.സി എന്നിവയുടെ അംഗീകാരത്തിനു വിധേയമായി സർക്കാർ മേഖലയിലെ സ്പെഷ്യൽ റൂൾ ഭേദഗതി ഉൾപ്പെടെ എയ്ഡഡ് മേഖലയിലും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അധ്യാപനത്തിൽ നിന്നും അവരെ ഒഴിവാക്കിയിട്ടില്ല. വൊക്കേഷണൽ ഹയർ സെക്കൻഡറിയുടെ വിശേഷാൽ ചട്ടത്തിൽ പ്രിൻസിപ്പൽ തസ്തിക പരാമർശിച്ചിട്ടില്ല. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാലും, സ്പെഷ്യൽ റൂൾ ഭേദഗതി കാലതാമസം വരുത്തുന്ന പ്രക്രിയ ആയതിനാലും ഒരു പരിഹാരമെന്ന നിലക്ക് സർക്കാർ എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ ഏറ്റവും സീനിയറായ വൊക്കേഷണൽ അല്ലെങ്കിൽ നോൺ വൊക്കേഷണൽ അധ്യാപകന് വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ ഭരണച്ചുമതല നൽകിയിട്ടുള്ളതാണ്. ഇപ്രകാരം ചുമതലയേൽക്കുന്ന ജോലി നിർവ്വഹിക്കേണ്ടതും, സർക്കാർ കാലാകാലം നിശ്ചയിക്കുന്ന സെ്പഷ്യൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

Non Vocational Lecturers Association-നും മറ്റുള്ളവരും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.25762/07-ൽ വൊക്കേഷണൽ ഹയർ സെക്കൻഡറി മാത്രമായി പ്രത്യേകം പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം പരാതിക്കാരനെ നേരിട്ട് കേൾക്കാൻ 6.02.2009-ൽ ഉത്തരവാകുകയും, പരാതിക്കാരെ കേട്ട് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. സർക്കാർ മേഖലയിലെ സ്പെഷ്യൽ റൂൾ രൂപകല്പന ചെയ്യുന്നവേളയിൽ പ്രിൻസിപ്പൽ തസ്തികയുടെ യോഗ്യത, നിയമനരീതി എന്നിവ

പരിശോധിക്കുകയും സ്കൂളിന്റെ തലവന് പൂർണ്ണ അധികചുമതല നൽകിയാൽ മതി എന്നു തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

മുഖ്യധാരാ വിദ്യാഭ്യാസമായ ഹയർ സെക്കൻഡറിയിൽ അധ്യാപകരുടെ യോഗ്യത Master Degree (ബന്ധപ്പെട്ട വിഷയത്തിൽ) B:Ed, SET എന്നിങ്ങനെ നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ വൊക്കേഷണൽ അധ്യാപകർക്ക് Professional Degree ആണ് നിഷ്കർഷിച്ചിട്ടുള്ളത്. ടി വിഭാഗം അധ്യാപകർക്ക് പരിശീലന യോഗ്യത നിഷ്കർഷിച്ചിട്ടില്ല. എന്നാൽ നോൺ വൊക്കേഷണൽ അധ്യാപകർക്ക് ഹയർ സെക്കൻഡറി വിഭാഗം അധ്യാപകരുടെ അതേ യോഗ്യത ആണ് നിഷ്കർഷിച്ചിട്ടുള്ളത്.

വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന് നിയോഗിച്ച വിദഗ്ധസമിതിയുടെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നത് സർക്കാർ സ.ഉ.(കൈ) നം.53/2019/പൊ.വി.വ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതിനാൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ പ്രിൻസിപ്പാൾ തസ്തിക സർക്കാരിന് അധികബാധ്യത ഉണ്ടാക്കുന്നതാണ്.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് National Skill Qualification Frame Work (NSQF) ആയി സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളേയും പരിവർത്തനം ചെയ്തിട്ടുണ്ട്. തൽഫലമായി വൊക്കേഷണൽ വിഷയങ്ങളുടെ അധ്യാപനസമയം 600-ൽ നിന്ന് 300 മണിക്കൂർ ആയി കുറഞ്ഞിട്ടുണ്ട്. Vocationalisation of Secondary and Higher Secondary Educatio n പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ പുതിയ നിയമനം നിറുത്തിവച്ചിരിക്കുകയാണ്. വകുപ്പ് ഒരു പരിഷ്കരണത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ് എന്നു മാത്രമല്ല തസ്തിക സൃഷ്ടിക്കുകയെന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയവുമാണ്.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും കോടതിവിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഗവൺമെൻറ് & എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിനും നിലവിൽ പ്രിൻസിപ്പൽ-ഇൻ-ചാർജ്ജായി തുടരുന്ന അധ്യാപകർക്ക്

നിയമനത്തീയതി മുതൽ പ്രിൻസിപ്പാളായി ശമ്പളസ്കെയിലിൽ അംഗീകാരം നൽകുന്നതിനും, വൊക്കേഷണൽ ഹയർ സെക്കൻഡറിയും ഹൈസ്കൂളും മാത്രമുള്ള സ്കൂളുകളുടെ പൊതുചുമതലയിൽ വിഎച്ച്എസ്എസ്,ന്റെ അക്കാദമിക ചുമതലയും വിഎച്ച്എസ്എസ് പ്രിൻസിപ്പൽമാർക്കും വിഎച്ച്എസ്എസും എച്ച്എസ്എസ്സും ഹൈസ്കൂളും ഉള്ള സ്കൂളുകളുടെ പൊതുചുമതല രണ്ട് പ്രിൻസിപ്പൽമാരിൽ സർവ്വീസ് സിനിയോറിറ്റിയുള്ളയാൾക്കും വിഎച്ച്എസ്എസ്.ന്റെ അക്കാദമിക ചുമതല വിഎച്ച്എസ്എസ് പ്രിൻസിപ്പലിനും നൽകുന്നതിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

**5.** ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർ ചെയ്യുന്ന എല്ലാ ഉത്തരവാദിത്തങ്ങളും തങ്ങൾ നിർവഹിക്കുന്നുണ്ടെന്നും, കൂടാതെ, അഡിഷണൽ ഉത്തരവാദിത്തങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, വിഎച്ച്എസ്എസ് പ്രിൻസിപ്പൽമാർക്ക് ടീച്ചിംഗ് അവേഴ്സ് കൂടുതലാണെന്നും എന്നാൽ, എച്ച്എസ്എസ് പ്രിൻസിപ്പൽമാർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഒന്നും തന്നെ വിഎച്ച്എസ്എസ് പ്രിൻസിപ്പൽമാർക്ക് ലഭിക്കുന്നില്ലെന്നും ഹർജിക്കാർ വാദിക്കുന്നു. ഖാദർ കമ്മീഷൻ റിപ്പോർട്ടിലും വിഎച്ച്എസ്എസ് പ്രിൻസിപ്പലിനും എച്ച്എസ്എസ് പ്രിൻസിപ്പലിനും തുല്യസ്ഥാനമാണ് നൽകിയിട്ടുള്ളതെന്നും തുല്യജോലിക്ക് തുല്യവേതനം നൽകണമെന്ന് നിരവധി സുപ്രീംകോടതി ഹൈക്കോടതി വിധിന്യായങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും അവർ വാദിക്കുന്നുണ്ട്.

**6.** G.O.(Ms)No.18/2012/GEDN dated 19.01.2012 പ്രകാരം, Government/aided VHSS-ലെ ഏറ്റവും സീനിയറായ വൊക്കേഷണൽ / നോൺ വൊക്കേഷണൽ അധ്യാപകന് വിഎച്ച്എസ്എസ്.ന്റെ ഭരണച്ചുമതല നൽകുകയും ആയിരം രൂപ സ്പെഷ്യൽ അലവൻസ് അനുവദിക്കുകയും ചെയ്തിരുന്നു. GO(P)No.144/2001/GEDN dated.16/04/2001 (SRO No.410/2001) പ്രകാരം നിലവിൽ വന്ന The Special Rule for the Kerala Higher Secondary Education State Service-ലെ Rule 2 Category 1 പ്രകാരം ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, നിലവിൽ 26/02/2021-ലെ GO(Ms)No.127/2021/GEDN പ്രകാരം ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർ ആഴ്ചയിൽ 8 പിരീഡ് പഠനം നടത്തേണ്ടതുമുണ്ട്.

**7.** എന്നാൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്റ്റേറ്റ് സർവ്വീസ്, വൊക്കേഷണൽ ഹയർ സെക്കൻഡറി സബോർഡിനേറ്റ് സർവ്വീസ് എന്നിവയ്ക്കായി യഥാക്രമം G.O.(P)No.80/2004/GEDN dtd 12.03.2004-ഉം

G.O.(P)No.81/2004/GEDN dated 12.03.2004-ഉം പ്രകാരം സ്പെഷ്യൽ റൂളുകൾ നിലവിൽ വരികയും തുടർന്ന് എയ്ഡഡ് മേഖലയിലും മേൽ സ്പെഷ്യൽ റൂളുകൾ ബാധകമാക്കി GO(Ms)No.124/2007/GEDN dated.23/06/2007 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് എങ്കിലും വൊക്കേഷണൽ ഹയർ സെക്കൻഡറിക്കായി പുറപ്പെടുവിച്ചിട്ടുള്ള മേൽ സ്പെഷ്യൽ റൂളുകളിൽ പ്രിൻസിപ്പൽ തസ്തിക പരാമർശിച്ചിട്ടില്ല. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാലും, സ്പെഷ്യൽ റൂൾ ഭേദഗതി കാലതാമസം വരുത്തുന്ന പ്രക്രിയ ആയതിനാലും ഒരു പരിഹാരമെന്ന നിലയ്ക്ക് സർക്കാർ എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ ഏറ്റവും സീനിയറായ വൊക്കേഷണൽ അല്ലെങ്കിൽ നോൺ വൊക്കേഷണൽ അധ്യാപകന് വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ ഭരണച്ചുമതല നൽകിയിട്ടുള്ളതാണ്. ഇപ്രകാരം ചുമതലയേൽക്കുന്ന അധ്യാപകൻ ജോലി നിർവ്വഹിക്കേണ്ടതും, സർക്കാർ കാലാകാലം നിശ്ചയിക്കുന്ന സെ്പഷ്യൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

**8.** 12/03/2004-ലെ GO(P)No.80/2004/G.Edn പ്രകാരം നിലവിൽവന്ന Kerala Vocational Higher Secondary Education State Service Rules പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ സ.ഉ.(കൈ)നം.339/2012/പൊവിവ തീയതി 20/10/2012 പ്രകാരം, ഫുൾടൈം തസ്തികയിൽ ജോലി ചെയ്യുന്ന വൊക്കേഷണൽ/ നോൺ വൊക്കേഷണൽ അദ്ധ്യാപകരിൽ ഏറ്റവും സീനിയറായ അദ്ധ്യാപകർക്ക് ഭരണച്ചുമതല നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ ജി.ഒ.(എം.എസ്)നം.51/2013/പൊവിവ തീയതി 12/02/2013 പ്രകാരം അധിക തസ്തികയോ അധിക സാമ്പത്തിക ബാധ്യതയോ ഉണ്ടാകാത്ത രീതിയിൽ VHSS വിഭാഗത്തിലെ അഡ്മിനിസ്ട്രേറ്റിവ് ഹെഡ് പദവിയിൽ നിയമിക്കപ്പെട്ട / നിയമിക്കപ്പെടുന്ന അധ്യാപകരെ വ്യവസ്ഥകൾക്ക് വിധേയമായി പ്രിൻസിപ്പൽ എന്ന് നാമകരണം ചെയ്ത് അവർക്ക് അഡ്മിനിസ്ട്രേറ്റീവ്/ അക്കാഡമിക് ചുമതലകളും drawing & disbursing ഓഫീസറുടെ ചുമതലയും നൽകി ഉത്തരവായിട്ടുണ്ട്.

**9.** ഹർജിക്കാർ ഫയൽ ചെയ്ത WP(C) 6221/2022-ലെ 18/01/2024-ലെ വിധിന്യായത്തിൽ ബഹു.കോടതി ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്:-

Para 7-The learned counsel for the petitioners also relies on the Judgment of the Hon'ble Supreme Court in Nihal Singh and Others Vs.State of Punjab and Others [(2013) 14 SCC 65] and State of Punjab and Others Vs.Jagjit Singh and others [(2017) 1 SCC 148]

Para 8-The learned counsel submits on behalf of the Judgment in Nihal Singh that the requirement of the post is evident in the instant case,and without creating a post despite a need in existence,work is being extracted from people like the petitioners.The learned counsel relies on the Judgment in Jagjit Singh to say that even for temporary appointments,the principle of equal pay for equal work applies.Since the petitioners were doing the same job as the Principals of the Higher Secondary Sections,they were liable to be paid the same amount.

**10.** WP(C) 6221/2022-ലെ ഹർജിക്കാരുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചശേഷം 22/12/2021-ലെ GO(Rt)No.6062/2021/ GEDN പ്രകാരം നിരസിച്ചിട്ടുണ്ട് എങ്കിലും ടി 22/12/2021-ലെ ഉത്തരവ് ബഹു.കോടതി WP(C) 6221/2022-ലെ 18/01/2024-ലെ വിധിന്യായത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്.

**11.** വസ്തുതകൾ മേൽപ്രകാരമാണ് എങ്കിലും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് National Skill Qualification Frame Work (NSQF) ആയി സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളേയും പരിവർത്തനം ചെയ്തത് പ്രകാരം വൊക്കേഷണൽ വിഷയങ്ങളുടെ അധ്യാപനസമയം 600-ൽ നിന്ന് 300 മണിക്കൂർ ആയി കുറഞ്ഞിട്ടുണ്ട്. Vocationalisation of Secondary and Higher Secondary Education പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ പുതിയ നിയമനം നിറുത്തിവച്ചിരിക്കുകയാണ്. വകുപ്പ് ഒരു പരിഷ്കരണത്തിനു വിധേയമായികൊണ്ടിരിക്കുകയാണ് എന്നു മാത്രമല്ല തസ്തിക സൃഷ്ടിക്കുകയെന്നത് സർക്കാരിന്റെ

നയപരമായ തീരുമാനത്തിന് വിധേയവുമാണ്. കൂടാതെ, വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന് നിയോഗിച്ച വിദഗ്ധസമിതിയുടെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നത് സർക്കാർ സ.ഉ.(കൈ) നം.53/2019/പൊ.വി.വ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതിനാൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ പ്രിൻസിപ്പാൾ തസ്തിക സർക്കാരിന് അധികബാധ്യത ഉണ്ടാക്കുന്നതാണ്. മാത്രമല്ല 12/03/2004-ലെ GO(P)No.80/2004/G.Edn പ്രകാരം നിലവിൽവന്ന Kerala Vocational Higher Secondary Education State Service Rules പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഹർജിക്കാരുടെ ആവശ്യം പരിഗണിക്കണമെങ്കിൽ ചട്ടഭേദഗതിയും ആവശ്യമാണ്. പതിനൊന്നാം ശമ്പളപരിഷ്ക്കരണ ഉത്തരവിൽ അലവൻസുകൾക്ക് അനുവദിച്ചിട്ടുള്ള പൊതുവായുള്ള രീതിയിലെ നിരക്ക് വർദ്ധനവിൽ നിന്നും മാറ്റം വരുത്താനാവില്ല

**12.** മേൽ സാഹചര്യത്തിൽ, 12/03/2004-ലെ GO(P) 80/2004/G.Edn പ്രകാരം നിലവിൽവന്ന Kerala Vocational Higher Secondary Education State Service Rules പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാലും; സ.ഉ.(കൈ)നം.339/2012/പൊവിവ തീയതി 20/10/2012 പ്രകാരം, ഫുൾടൈം തസ്തികയിൽ ജോലി ചെയ്യുന്ന വൊക്കേഷണൽ/ നോൺ വൊക്കേഷണൽ അദ്ധ്യാപകരിൽ ഏറ്റവും സീനിയറായ അദ്ധ്യാപകർക്ക് ഭരണച്ചുമതല നൽകേണ്ടതാണെന്നും കൂടാതെ, ജി.ഒ.(എം.എസ്)നം.51/2013/പൊവിവ തീയതി 12/02/2013 പ്രകാരം അധിക തസ്തികയോ അധിക സാമ്പത്തിക ബാധ്യതയോ ഉണ്ടാകാത്ത രീതിയിൽ VHSS വിഭാഗത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ് പദവിയിൽ നിയമിക്കപ്പെട്ട / നിയമിക്കപ്പെടുന്ന അധ്യാപകരെ വ്യവസ്ഥകൾക്ക് വിധേയമായി പ്രിൻസിപ്പൽ എന്ന് നാമകരണം ചെയ്ത് അവർക്ക് അഡ്മിനിസ്ട്രേറ്റീവ്/ അക്കാഡമിക് ചുമതലകളും drawing & disbursing ഓഫീസറുടെ ചുമതലയും നൽകിയും ഉത്തരവായിട്ടുണ്ട് എന്നതിനാലും; ഹർജിക്കാരുടെ ആവശ്യം നിരസിച്ച്, അപ്രകാരം കൊല്ലം വേലായുധവിലാസം വിഎച്ച്എസ്എസ് പ്രിൻസിപ്പാൾ ശ്രീ.പത്മകുമാർ എസ്, കൊല്ലം ശ്രീനാരായണഗുരുദേവ വിഎച്ച്എസ്എസ് പ്രിൻസിപ്പാൾ ശ്രീമതി സിന്ധു ഭാസ്കർ എന്നിവർ ഫയൽ ചെയ്ത WP(C)No.6221/2022-ന്മേൽ ബഹു.ഹൈക്കോടതി 18.01.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം, ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽമാരായ ശ്രീ യാസർ എം, ശ്രീ.

ജിനേഷ് എ., ശ്രീ. ദിനേശൻ ഇ.ടി., ശ്രീ.ഭാസ്കരൻ എൻ. തുടങ്ങിയവർ ഫയൽ ചെയ്ത OA(EKM)No.1735/2022-ന്മേലുള്ള 04.04.2024 തീയതി വിധിന്യായം എന്നിവ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ് ), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.പത്മകുമാർ എസ്, പ്രിൻസിപ്പൽ, വേലായുധ വിലാസം വി.എച്ച്.എസ്.എസ്, കൊല്ലം

ശ്രീ.യാസർ എം, പ്രിൻസിപ്പൽ, ഗവണ്മെന്റ് ഗണപത് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഫറോക്ക്, കോഴിക്കോട്

ശ്രീ.ജിനേഷ് എ, പ്രിൻസിപ്പൽ, ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ചേളാരി, മലപ്പുറം

ശ്രീ.ദിനേശൻ ഇ.ടി, പ്രിൻസിപ്പൽ, ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഗേൾസ്, ബി പി ആനങ്ങാടി, തിരൂർ , മലപ്പുറം

ശ്രീ.ഭാസ്കരൻ എൻ, പ്രിൻസിപ്പൽ, ജിആർഎഫ് ടി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ , താനൂർ , മലപ്പുറം

ശ്രീമതി സിന്ധു പ്രഭാകർ, ശ്രീ നാരായണ ഗുരുദേവ വി.എച്ച്.എസ്.എസ്, കൊല്ലം

പൊതുവിദ്യാഭ്യാസ (ജെ-എ) വകുപ്പ് (No.JA2/219/2024 - GEDN dtd 27.08.2024 പ്രകാരം)

ധനകാര്യ വകുപ്പ് ( E:2908081/EDN-B1/359/2024-FIN dtd 07.11.2024 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 17-12-2024 10:36:46

സെക്ഷൻ ഓഫീസർ